# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4861 — 27/10/2016 - ൽ മറുപടിക്ക്

**<u>ഇന്റർനെറ്റിനോടുള്ള അശാസ്ത്രീയ സമീപനം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഇന്റർനെറ്റിനോടുള്ള അശാസ്ത്രീയ സമീപനം വിദ്യാർത്ഥികൾക്കിടയിൽ സൈബർ നിയമലംഘനങ്ങൾക്കും ഇന്റർനെറ്റിന്റെ പ്രയോജനം സംബന്ധിച്ച് തെറ്റായ ആശയങ്ങൾക്കും വഴിമരുന്നിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഫലപ്രദവും സുരക്ഷിതവുമായി ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ | (ബി) സ്കൂളുകളിൽ ഇന്റർനെറ്റ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട്, ഭദ്രവും സുരക്ഷിതവുമായ ഇന്റർനെറ്റ് ഉപയോഗം ഉറപ്പുവരുത്തുവാൻ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഐ.സി.ടി പാഠപുസ്തകങ്ങളിൽ ഇന്റർനെറ്റ് സുരക്ഷിതത്വം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിപുലമായ സൈബർ സുരക്ഷാ പരിപാടികൾ നടത്തുന്നതിന് ഐ.റ്റി@സ്കൂൾ ഉദ്ദേശിക്കുന്നുണ്ട്. വിദ്യാർത്ഥികൾ ഫലപ്രദവും സുരക്ഷിതവുമായ രീതിയിലാണ് ഇന്റർനെറ്റ് ഉപയോഗിക്കുന്നതെന്ന് സ്കൂൾ അധികൃതർ ഉറപ്പ് വരുത്തേണ്ടതിലേയ്ക്ക് പ്രഥമാധ്യാപർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും ഡിപ്പാർട്ട്മെന്റ് തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളുകളിൽ മൊബൈൽ ഫോൺ,ഫേസ് ബുക്ക്, വാട്ട്സ് അപ്പ് എന്നിവയ്ക്ക് നേരത്തേ തന്നെ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഫലപ്രദവും സുരക്ഷിതവുമായി ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുന്നതിന് സ്കൂൾ തലം മുതൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ Cyber Crime Cyber Law എന്നീ വിഷയങ്ങളിൽ വിദഗ്ധരായവരുടെ ക്ലാസ്സുകൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ